**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4180** **18-07-2022 - ൽ മറുപടിയ്ക്ക്**

**പള്ളിക്കത്തോട് ട്രഷറിക്ക് അനുവദിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിക്കത്തോട് ട്രഷറിക്കായി പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അനുവദിച്ച് ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | ഉത്തരവായിട്ടുണ്ട്. 19/06/2012 ലെ സ.ഉ.(സാധാ)നം. 1662/2012/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ട്രഷറിക്കായി തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 19.06.2012 ലെ സ.ഉ.(സാധാ)നം.1662/ 2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി ട്രഷറി വകുപ്പിന്റെ ആസ്തിയാക്കി മാറ്റുന്നതിന് 10 വർഷമായിട്ടും സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | സ്ഥലം ട്രഷറി വകുപ്പിന് കൈമാറി നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഉണ്ടായ കാലതാമസം കാരണമാണ് ടി ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി ട്രഷറി വകുപ്പിന്റെ ആസ്തിയാക്കി മാറ്റുന്നതിന് 10 വർഷമായിട്ടും സാധിക്കാത്തത്. |
| (സി) | പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ ഭരണസമിതി ട്രഷറിക്കായി ഭൂമി വിട്ടുനല്കുന്ന തീരുമാനത്തിൽ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; | (സി) | നിലവിലെ ഭരണ സമിതി ട്രഷറിക്കായി ഭൂമി വിട്ടുനൽകുന്ന തീരുമാനത്തിൽ നേരിട്ട് എതിർപ്പ് അറിയിച്ചിട്ടില്ല. എന്നാൽ സ്ഥലം കൈമാറി നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമി കൈമാറി വാങ്ങുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | പ്രസ്തുത ഭൂമി വകുപ്പിന്റെ പേരിൽ കൈമാറിക്കിട്ടുന്നതിന് ട്രഷറി വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ